**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1649** **08-10-2021 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകൾക്കും മറ്റ കോളേജുകൾക്കും സൗജന്യ നിരക്കിൽ ഇന്റർനെറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എൻ.എം.ഇ.ഐ.സി.റ്റി ( നാഷണൽ മിഷൻ ഫോർ എഡ്യൂക്കേഷൻ ത്രൂ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി) പദ്ധതിയുടെ ഭാഗമായി കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കേരളത്തിലെ സർവകലാശാലകൾക്കും മറ്റു കോളേജുകൾക്കും സൗജന്യ നിരക്കിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിരുന്ന പദ്ധതിയുടെ കാലാവധി 2020 ൽ അവസാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | നാഷണൽ മിഷൻ ഫോർ എഡ്യുക്കേഷൻ ത്രൂ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി (എൻ.എം.ഇ.ഐ.സി.റ്റി) പദ്ധതിയുടെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കേരളത്തിലെ സർക്കാർ കോളേജു കൾക്ക് വിവിധ ബാൻഡ് വിഡ്ത്തിലുള്ള ഇന്റർനെറ്റ് സൗകര്യം പ്രദാനം ചെയ്യുന്ന പദ്ധതി കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോഴും തുടർന്ന് വരുന്നു. 2021 നവംബർ മാസം വരെ നിലവിൽ ടി സേവനം സർക്കാർ കോളേജുകൾക്ക് ലഭ്യമാണ്. പദ്ധതി തുടരുന്നതിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നോ സ്വന്തം ഫണ്ടിൽ നിന്നോ കണ്ടെത്താവുന്നതാണെന്ന് കണ്ണൂർ സർവകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സർവകലാശാല കളുടെ കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | ഈ പദ്ധതിയിൽ സംസ്ഥാനസർക്കാരിന്റെ വിഹിതമായ 25 ശതമാനം തുക അടക്കാത്തതിനാൽ 2020 മുതൽ കേരളത്തിലെ പല സർവകലാശാലകളിലും പ്രസ്തുത സേവനം പുന:സ്ഥാപിക്കുന്നതിന് സാധിക്കാത്ത സാഹചര്യം അക്കാദമിക് പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതിനാൽ അടിയന്തരമായി ഈ പദ്ധതി പുന:സ്ഥാപിക്കുമോ വ്യക്തമാക്കുമോ? | (ബി) | നാഷണൽ മിഷൻ ഫോർ എഡ്യുക്കേഷൻ ത്രൂ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി (എൻ.എം.ഇ.ഐ.സി.റ്റി) പദ്ധതിയുടെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ കേരളത്തിലെ സർക്കാർ കോളേജു കൾക്ക് വിവിധ ബാൻഡ് വിഡ്ത്തിലുള്ള ഇന്റർനെറ്റ് സൗകര്യം പ്രദാനം ചെയ്യുന്ന പദ്ധതി കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോഴും തുടർന്ന് വരുന്നു. 2021 നവംബർ മാസം വരെ നിലവിൽ ടി സേവനം സർക്കാർ കോളേജുകൾക്ക് ലഭ്യമാണ്. പദ്ധതി തുടരുന്നതിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നോ സ്വന്തം ഫണ്ടിൽ നിന്നോ കണ്ടെത്താവുന്നതാണെന്ന് കണ്ണൂർ സർവകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സർവകലാശാലകളുടെ കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ